A1/129/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് 2024-25 സാമ്പത്തിക വർഷം പി എസ് ടി എസ് ബി അക്കൗണ്ടിൽ നിന്നും റെസ്യൂം ചെയ്ത തുകയിൽ നിന്നും എഫ്.ഐ.ടി. ക്ക് നൽകാനുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/CLAD തീയതി,തിരുവനന്തപുരം, 30-05-2026

പരാമർശം:-

1. 04.01.2021 ലെ 1/2021/ധന. നമ്പർ സർക്കുലർ
2. കേരള കലാമണ്ഡലം രജിസ്ട്രാറുടെ 12.05.2026 തീയതിയിലെ കെ.കെ.എം. ഡി.യു. /എഫ്.-1/618/2025 നമ്പർ കത്ത്
3.

**ഉത്തരവ്**

കേരള കലാമണ്ഡലം കല്പിത സർവകലാശാലയിലെ 2024-25 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായ മണക്കുളം മുകുന്ദരാജ അക്കാദമിക് ബ്ലോക്കിന്റെ പാർട്ടീഷൻ പ്രവൃത്തികൾ, ഫർണ്ണീച്ചർ എന്നിവ പൊതുമേഖലാ സ്ഥാപനമായ എഫ്.ഐ.റ്റി.-യെ ഏൽപ്പിച്ചതിൻ പ്രകാരം പ്രവൃത്തി നിർവഹിക്കുകയും എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ അനുവദിക്കപ്പെട്ട തുകയിൽ 63,18,236/- രൂപ സർക്കാർ 30.03.2025-ന് തിരിച്ചെടുത്തതിനാൽ മേൽ പ്രവൃത്തി നിർവഹിച്ച പൊതുമേഖലാ സ്ഥാപനമായ എഫ്.ഐ.ടി.ക്ക് തുക നൽകാൻ സാധിച്ചിട്ടില്ലാ എന്നും പ്രവൃത്തി പൂർത്തീകരിച്ച സാഹചര്യത്തിൽ സർക്കാർ 30.03.2025-ന് തിരിച്ചെടുത്ത 63,18,236/-രൂപ (അറുപത്തി മൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശ കത്ത് പ്രകാരം കലാമണ്ഡലം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കലാമണ്ഡലം കല്പിത സർവകലാശാലയുടെ പി എസ് ടി എസ് ബി അക്കൗണ്ടിൽ നിന്നും തിരികെയെടുത്ത 63,18,236/- രൂപയിൽ നിന്നും എഫ്.ഐ.ടി. ക്ക് നൽകാനുള്ള 35,30,804/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) മണക്കുളം മുകുന്ദരാജ അക്കാദമിക് ബ്ലോക്കിന്റെ പ്രവൃത്തി നിർവഹിച്ച പൊതുമേഖലാ സ്ഥാപനമായ എഫ്.ഐ.ടി. ക്ക് നൽകുന്നതിനായി കേരള കലാമണ്ഡലത്തിന്റെ 2205-00-101-97-00-36 (PV) എന്ന ശീർഷകത്തിൽ നിന്ന് നടപ്പ് സാമ്പത്തീക വർഷം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ തലപ്പിള്ളി സബ് ട്രഷറിയിലുള്ള 799012700000334 എന്ന പി.എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ്

ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റിവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെകട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.
.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപൂരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3184694/EDN-D1/144/2025-FIN dated 22.05.2026)
കരുതൽ ഫയൽ (A1/129/2025-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Sheeba K P
Date: 30-05-2026 13:50:29
സെക്ഷൻ ഓഫീസർ